പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5226 27.06.2019 ൽ മറുപടിയ്ക്ക്

വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.ഡി.കെ. മുരളി

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിപണിയിലെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എന്തെല്ലാം രീതിയിലാണ് വിപണിയിടപെടൽ നടത്തുന്നതെന്ന് വിശദമാക്കാമോ; | (എ) | സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡി നിരക്കിൽ ഈ അവശ്യ സാധനങ്ങൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 36 ഇനം നിത്യോപയോഗ സാധനങ്ങൾ ഫ്രീസെയിൽ സബ്സിഡി നിരക്കിലും ശബരി/ FMCG (Fast moving consumer goods) സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിലും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സുതാര്യമായ പർച്ചേസ് രീതികൾക്ക് പുറമെ, നാഫെഡ് മുതലായ കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ സംഭരിക്കുന്നു. സബ്സിഡി സാധനങ്ങളുടെ ദുരുപയോഗം പൂർണ്ണമായി തടയുന്നതിനായി ഓൺലൈൻ സംവിധാനം ഉപയോഗിച്ചുള്ള ബില്ലിംഗ് ഏർപ്പെടുത്തുകയും വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹോം അപ്ലയൻസസ് കച്ചവടവും കുപ്പിവെള്ള വിൽപ്പനയും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം സാധനങ്ങളാണ് വിപണിയിലിടപെട്ടുകൊണ്ട് സബ്സിഡി നിരക്കിൽ സിവിൽ സപ്ലൈസ് | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | വില്പനശാലകൾ വഴി ലഭ്യമാക്കുന്നത്; | യും (സി) യും | |
| (സി) | ഓരോ സാധനവും ഉപഭോക്താക്കൾക്ക് എന്തുമാത്രം അളവിൽ ലഭിക്കുമെന്ന് വിശദമാക്കാമോ; | | |
| (ഡി) | ഈ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ? | (ഡി) | സപ്ലൈകോ ഡിപ്പോകളിലെയും NFSA ഗോഡൗണുകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റികൾ ഡിപ്പോകളിൽ ലഭിക്കുന്ന സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരമാണെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള പരിശോധന നടത്തിയതിനുശേഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്. വിതരണത്തിനുമുൻപ് NABL ലാബുകളിൽ (നാഷണൽ അക്രിഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻറ് കാലിബ്രേഷൻ ലാബോറട്ടറി) സാധനങ്ങളുടെ പരിശോധന നടത്തുന്നതിനു പുറമേ, സപ്ലൈകോയുടെ ക്വാളിറ്റി വിഭാഗം സാധനങ്ങൾ കോന്നിയിലെ CFRD (Council for Food Research & Development) ലാബിൽ ഗുണനിലവാര പരിശോധന നടത്തി ഭക്ഷ്യയോഗ്യമാണോ എന്ന് ഉറപ്പ് വരുത്താറുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO22000/ HACCP (Hazard Analysis and Critical Control Point)/ FSSAI (Food Safety Standard Authority of India)/AGMARK ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

<table>
<tr><th>ക്രമ നമ്പർ</th><th>ഇനം</th><th>ഒരു റേഷൻകാർഡിന് ഒരുമാസം അനുവദിച്ച അളവ്</th></tr>
<tr><td>1.</td><td>ചെറുപയർ</td><td>1 Kg</td></tr>
<tr><td>2.</td><td>ഉഴുന്ന് ബോൾ</td><td>1 Kg</td></tr>
<tr><td>3.</td><td>വൻകടല</td><td>2 Kg</td></tr>
<tr><td>4.</td><td>വൻപയർ</td><td>1 Kg</td></tr>
<tr><td>5.</td><td>തുവര പരിപ്പ്</td><td>2 Kg</td></tr>
<tr><td>6.</td><td>മുളക്</td><td>½ Kg</td></tr>
<tr><td>7.</td><td>മല്ലി</td><td>½ Kg</td></tr>
<tr><td>8.</td><td>പഞ്ചസാര</td><td>1 Kg</td></tr>
<tr><td>9.</td><td>വെളിച്ചെണ്ണ</td><td>½ ലിറ്റർ</td></tr>
<tr><td>10.</td><td>ജയ അരി</td><td rowspan="5">എല്ലാ ഇനവും കൂടി<br>10 Kg</td></tr>
<tr><td>11.</td><td>കുറുവ അരി</td></tr>
<tr><td>12.</td><td>മട്ട അരി</td></tr>
<tr><td>13.</td><td>പച്ചരി</td></tr>
<tr><td>14.</td><td>ആന്ധ്ര ഇതര ജയ അരി</td></tr>
</table>

സെക്ഷൻ ഓഫീസർ